താപ വൈദ്യുതി നിലയം

* 46. [46] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, സി. ടി. കൃഷ്ണൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു താപ വൈദ്യുതിനിലയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി കേന്ദ്ര ഗവൺമെൻറിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതുസംബന്ധിച്ച് അനുകൂലമായ മറുപടി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം കേന്ദ്ര ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

പുതിയ റേഷൻ മൊത്ത വ്യാപാര ഡിപ്പോകൾ

* 47. [47] ശ്രീ. പി. കേശവൻ :
,, സി. കെ. തങ്കപ്പൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര റേഷൻ മൊത്ത വ്യാപാര ഡിപ്പോകൾ അനുവദിച്ചു ;

(ബി) ഇവയിൽ എത്ര എണ്ണം സഹകരണ സ്ഥാപനങ്ങൾക്ക് കൊടുത്തു ; എത്ര എണ്ണം സ്വകാര്യ വ്യക്തികൾക്ക് അനുവദിച്ചു ;

(സി) ഹോംസെയിൽ കടകൾ ലഭിച്ചവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ഡി) കോടതി ഉത്തരവുകൾമൂലം എത്ര ഡിപ്പോകൾ ഇപ്പോൾ സ്റ്റേ ചെയ്തിട്ടുണ്ട് ;

(ഇ) ഇവ അനുവദിച്ചതിൽ എന്തെങ്കിലും അപാകതകൾ ഉണ്ടോ എന്ന് പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

LIBRARY ARCHIVES Kerala Legislative Assembly